ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കട്ടിപ്പാറ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ്കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:..........................................

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.1/2063/16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

തീയതി.18.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി.1/2063/16 തിയ്യതി:18.11.2016

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ്കുമാർ. കെ.കെ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.16 മുതൽ 4.11.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സബിത. എസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ.വി.സുഗുണൻ , സീ.ഗ്രേ.ഓഡിറ്റർ<br>ശ്രീ.അനിൽകുമാർ.എം.ഡി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | താരഅബ്ദുറഹ്മാൻഹാജി. | 1.4.15മുതൽ31.10.15വരെ |
| | ശ്രീമതി.ബേബിരവീന്ദ്രൻ | 1.11.15മുതൽ31.3.16വരെ |
| സെക്രട്ടറി | ശ്രീ.പി.ടി.അരവിന്ദൻ | 1.4.15മുതൽ 31.3.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷിഓഫീസർ. | ശ്രീ.മുഹമ്മദ്ഫൈസൽ | 1.4.15മുതൽ 31.3.16വരെ |
| വെറ്ററിനറി സർജൻ. | ശ്രീ.സാക്കിയ | 1.4.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ | ശ്രീ.ഷാജി | 1.4.15മുതൽ 31.3.16വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീ.അബ്ദുൾസമദ് | 1.4.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീ.പ്രവീൺ | 1.4.15മുതൽ 31.3.16വരെ |
| വി.ഇ.ഒ | ശ്രീ.ആശിഖ്. | 1.4.15മുതൽ 31.3.16വരെ |
| അസി.എഞ്ചിനീയർ | ശ്രീ.സുബീഷ്.എ.ഇ | 1.4.15മുതൽ 31.3.16വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ഇന്ദിര | 1.4.15മുതൽ 31.3.16വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.സുഹറ | 1.4.15മുതൽ 31.3.16വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.റെജിമോൾ | 1.4.15മുതൽ 31.3.16വരെ |

ഉള്ളടക്കം


| ഖണ്ഡിക നം. | ഭാഗം 1 പൊതു അവലോകനം | ക്രമ നം |
|---|---|---|
| 1-1 | ബജറ്റ് | 1 |
| 1-2 | വാർഷിക ധനകാര്യപത്രിക | 2 |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 3 |
| 1-4 | സാമ്പത്തിക വിശകലനം | 4 |
| 1-5 | ഫണ്ട് വിനിയോഗം | 5 |
| 1-6 | പദ്ധതി അവലോകനം | 6 |
| 1-7 | തനത് വരുമാനം | 7 |
| 1-8 | ക്ഷേമപദ്ധതികൾ | 8 |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ | 9 |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 10 |
| | ഭാഗം 2 | |
| 2-1 | വാർഷിക കണക്ക് പരിശോധന – അപാകതകൾ | 11 |
| 2-2 | ഡി& ഒ ലൈസൻസ് – ഈടാക്കിയതിലെ അപാകതകൾ | 12 |
| 2-3 | സൂപ്പർവൈസറി പരശോധന നടത്തുന്നില്ല. | 13 |

| | | |
|---|---|---|
| 2-4 | തൊഴിൽ നികുതി – ഈടാക്കിയതിലെ അപാകതകൾ | 14 |
| | ഭാഗം 3 | |
| 3-1 | പച്ചക്കറി കൃഷിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തിയില്ല. | 15 |
| 3-2 | സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കാത്ത ഇനങ്ങൾക്ക് പണം ചെലവഴിച്ചു. | 16 |
| 3-3 | അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചിട്ടില്ല. | 17 |
| 3-4 | ഗ്രോബാഗ് വിതരണം ചെയ്തതിലെ അപാകതകൾ | 18 |
| 3-5 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 19 |
| 3-6 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല. | 20 |
| 3-7 | അസി. എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ അപാകതകൾ | 21 |
| 3-8 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികളിലെ അപാകതകൾ | 22 |
| | ഭാഗം 4 | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 23 |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 24 |
| 4-3 | മൊബിലലൈസേഷൻ അഡ്വാൻസ് നൽകിയത് | 25 |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് | 26 |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ | 27 |
| 4-6 | ഓഡിറ്റ് റിക്കവറി | 28 |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 29 |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം | 30 |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 31 |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 26.3.15 തിയതിയിലെ 42/15 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 25.7.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 273191310

വരവ് - 50317732

ആകെ - 77636862

ചെലവ് - 66084836

നീക്കിയിരിപ്പ്- 11552026

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിററ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3766718 | 3842568 | 14866217 | 14866217 | (+)7256931 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1828121 | 2538833 | 4366954 | 3463833 | (-)903121 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 619000 | 224225 | 843225 | 274225 | (-)569000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 343081 | 3594571 | 3937652 | 3937652 | | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 726672 | 889739 | 1616411 | 1616411 | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2067455 | 6513139 | 9380594 | 7037855 | (-)2342739 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3499438 | 316774 | 3816212 | 374141 | (-)3442071 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 57507544 | 143 | 32668002 | 9 | 68 | 65 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1850270 | 1467217 | 383053 | 20.7 |
| നികുതിയേതര വരവുകൾ | 876545 | 331974 | 544571 | 62.13 |
| മറ്റുവരവുകൾ | 350856 | 195749 | 155107 | 44.21 |
| ആകെ | 3077671 | 1994940 | 1082731 | -35.18 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 288360 | 180 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2961660 | 446 |
| വിധവാപെൻഷൻ | 8073720 | 914 |
| വാർദ്ധക്യകാലപെൻഷൻ | 6423360 | 870 |
| വികലാംഗപെൻഷൻ | 2694395 | 278 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7044 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.6,16 മുതൽ 18.6.16 | 2/16- 5/16 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.2.11 മുതൽ 19.2.11 | 2005-06 - 2009-10 | 16.3.11 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്ക് പരിശോധന-അപാകതകൾ

1. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2. അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വാറ്റ്, ഐടി, ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല

3. ഡപ്പോസിറ്റ് ഇനത്തിലെ 2015-16 വർഷത്തെ വരവ് രജിസ്റ്റർ പ്രകാരം 135100 രൂപയും വാർഷിക ധനകാര്യ പത്രിക ആർപി-34പ്രകാരം വരവ് 80000 രൂപയുമാണ്.

4. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 401764 രൂപ 31.3.16 ന് അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.എന്നാൽ വാർഷിക കണക്കുപ്രകാരം അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ളത് 2226284 രൂപയാണ്.

## 2-2 ഡി & ഒ ലൈസൻസ് - ഈടാക്കിയതിലെ അപാകതകൾ

വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 17 അനുസരിച്ച് പട്ടിക 3 പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയത് ചട്ടപ്രകാരമല്ല.

| പേര് | സ്ഥാപനം | അടക്കേണ്ട തുക | അടച്ചത് | കുറവ് |
|---|---|---|---|---|
| അബ്ദുള്ളകോയ തങ്ങൾ | ക്വാറി/300 HP | 3000 | 1000 | 2000 |
| അയിഷ ബീവി | ഇന്റർലോക്ക് യൂണിറ്റ് /50 HP | 500 | 200 | 300 |
| മാനേജർ, സപ്ളൈകോ | പ്രതിദിന വിൽപ്പന 20000 | 500 | 200 | 300 |

| | | | | |
|---|---|---|---|---|
| അബ്ദുൾ നാസർ മലയിൽ | ഫ്ളോർമിൽ 10 HP | 200 | 100 | 100 |

ഈടാക്കിയതിൽ കുറവുവന്ന 2700 രൂപ അടവാക്കി അറിയിക്കേണ്ടതാണ്.

## 2-3 സൂപ്പർവൈസറി പരിശോധന നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിനു വേണ്ടി വിവിധ വരവിനങ്ങളിലായി ഫ്രണ്ട് ഓഫീസ് വഴി സ്വീകരിക്കുന്ന തുകകളും ഔട്ട് ഡോർ കളക്ഷൻ നടത്തുന്ന തുകകളും അതാത് ദിവസം തന്നെ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയതിന്റെ കൃത്യത സൂപ്പർവൈസറിതല ഉദ്യോഗസ്ഥർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

8.12.15 മുതൽ 29 രസീതി പുസ്തകങ്ങളിലായി ക്ളർക്കുമാർ പണം പിരിവ് നടത്തിയിട്ടുണ്ട്.എന്നാൽ മേൽ കളക്ഷൻ രജിസ്റ്ററുകളിൽ ഒന്നിലുംതന്നെ സൂപ്പർവൈസറിതല ഉദ്യോഗസ്ഥർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിപ്രകാരം കാഷ്യർ ദൈനംദിന പരിശോധന നടത്താറുണ്ട് എന്ന് വ്യക്തമാക്കുന്നു എന്നാൽ കളക്ഷൻ രജിസ്റ്ററുകളിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല.അപാകത പരിഹരിക്കേണ്ടതും സൂപ്പർവൈസറിതല ഉദ്യോഗസ്ഥർ ദൈനംദിന പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്

.

## 2-4 തൊഴിൽ നികുതി -ഈടാക്കിയതിലെ അപാകതകൾ

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.തൊഴിൽ നികുതി-ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് കെട്ടിട നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ റൂമുകൾ കൈവശം വച്ചിരിക്കുന്നവരുടെ വിവരങ്ങൾ സംബന്ധിച്ചുള്ള നോട്ടീസ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്.2015-16 വർഷത്തിൽ വാണിജ്യാവശ്യങ്ങൾക്കായി 30 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.എന്നാൽ മേൽ പ്രകാരമുള്ള നടപടി സെക്രട്ടറി സ്വീകരിച്ചിട്ടില്ല.തൊഴിൽ നികുതി ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

2.സ്ഥാപനരജിസ്റ്റർ / ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളിലേയും തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്ററും തയ്യാറാക്കേണ്ടതാണ്. എന്നാൽ മേൽ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 7-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ടതും രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പച്ചക്കറി കൃഷിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തിയില്ല

പ്രോജക്ട് നം. 113/16 പച്ചക്കറി കൃഷി (വനിത ഗ്രൂപ്പ്)

വികസന ഫണ്ട്. 2,00,000 ഉ.വിഹിതം. 82,000 അടങ്കൽ .2,82,000

ബിൽ നം. 4/15-16 1,06,479 രൂപ

നിർവഹണം. കൃഷി ഓഫീസർ.

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 43 ഗ്രൂപ്പുകൾക്ക് പച്ചക്കറി വിത്ത്, തൈകൾ, കീടനാശിനി, ജൈവവളം, കൂലിച്ചെലവ് സബ്സിഡി എന്നിവ നൽകിയിട്ടുണ്ട്. ഇതിൽ 40,000 രൂപ (ഒരു യൂനിറ്റിന് 400 രൂപ, ആകെ 50 യൂനിറ്റ്) പച്ചക്കറി കൃഷിക്ക് നിലം ഒരുക്കിയ ഇനത്തിൽ കൂലിയായി ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 പ്രകാരം പച്ചക്കറി കൃഷിക്ക് നടീലും വിളവെടുപ്പും ഒഴികെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഇത് ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത് ഉപയോഗപ്പെടുത്താതെ ഉത്തരവുപ്രകാരം നിർദ്ദേശിച്ച പ്രവർത്തനങ്ങൾക്ക് 40,000 രൂപ ചെലവഴിച്ചിരിക്കുന്നു.

സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പച്ചക്കറികൃഷിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കാത്ത ഇനങ്ങൾക്ക് പണം ചെലവഴിച്ചു

പ്രോജക്ട് നം. 121/16 "അതുല്യം" പദ്ധതി

ബിൽ നം. 3/15-16 18,940 രൂപ 22.3.16

4/5-16 5,490 രൂപ 30.3.16

നിർവഹണം. ഹെഡ്മാസ്റ്റർ (വികസനഫണ്ട്)

മേൽ പ്രോജക്ട് പ്രകാരം പഠിതാക്കൾക്ക് ക്ലാസ് നടത്തിയതിന് ഹോണറേറിയം, പഠിതാക്കളുടെ സംഗമം എന്നിവ നടത്തിയതിന് ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിശദാംശങ്ങൾ | തുക |
|---|---|---|
| 1 | ഭക്ഷണം | 3,240 |
| 2 | ഫോട്ടോ | 500 |
| 3 | സ്റ്റേഷനറി | 990 |
| 4 | ഫ്ലക്സ് | 200 |
| 5 | നോട്ട് ബുക്ക്, പെൻ | 1,500 |
| 6 | ക്ലാസ് നടത്തിയതിന് ഹോണറേറിയം | 18,000 |

സ.ഉ(സാധാ) 2735/14 ത.സ്വ.ഭ.വ 21.10.14 പ്രകാരം അതുല്യം സമ്പൂർണ്ണ സാക്ഷരതാ പരിപാടി എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾക്ക് ക്ലാസ് എടുക്കുന്നതിന് ഹോണറേറിയം, പഠിതാക്കളുടെ സംഗമം എന്നിവക്കായി തുക ചെലവഴിക്കുന്നതിന് പ്രത്യേകമായി അനുമതി നൽകിയിട്ടില്ല. ഇതിനായി 24,430 രൂപ ചെലവഴിച്ചതിന്

വിശദീകരണം നൽകേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-3 അങ്കണവാടികൾക്ക് കെട്ടിടം നിർമിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ആകെ 23 അങ്കണവാടികൾ ഉണ്ട്. എന്നാൽ 137 സെന്റർ നമ്പർ ആയ വേണാടി അങ്കണവാടിക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും ഇതുവരെ കെട്ടിടം നിർമിച്ചിട്ടില്ല. സെന്റർ നമ്പർ 146, 149 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. മേൽ പറഞ്ഞ 3 അങ്കണവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, മൂന്നാം പട്ടിക പ്രകാരം അങ്കണവാടികൾ നടത്തുക എന്നത് ഗ്രാമപഞ്ചായത്തിന്റെ മേഖലാ ചുമതലയാണ്. എന്നാൽ മേൽപ്പറഞ്ഞ അങ്കണവാടികൾക്ക് കെട്ടിടമോ അനുബന്ധ സൗകര്യങ്ങളോ ഇതുവരെയും ഏർപ്പെടുത്തിയിട്ടില്ല.

മേൽ നിയമപ്രകാരമുള്ള മേഖലാ ചുമതല നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 ഗ്രോബാഗ് വിതരണം ചെയ്തതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പുപദ്ധതി പ്രകാരം പച്ചക്കറികൃഷിക്ക് ഗ്രോബാഗ് മണ്ണ് നിറച്ച് തൈകൾ വെച്ച് നൽകുന്ന പ്രവൃത്തി 47 തൊഴിലാളികൾ 276 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് ചെയ്തിട്ടുണ്ട്. ഇതിനു വേണ്ട 1913 ഗ്രോബാഗുകൾ കട്ടിപ്പാറ സർവീസ് സഹകരണ ബാങ്ക് സൗജന്യമായി നൽകുകയായിരുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നം | വിശദാംശങ്ങൾ | അളവ് | തുക |
|---|---|---|---|
| 1 | പോളിത്തീൻ കവറിൽ ആവശ്യമായ മണ്ണ് ശേഖരിച്ച് അരിച്ചെടുക്കുന്നതിന് | 126.72 m2 | 62,092.80 |
| 2 | മണ്ണ് പോളിത്തീൻ കവറിൽ നിറച്ച് തൈകൾ വെച്ച് നൽകുന്നതിന്. | 1913 | 1111.45 |
| 3 | ഉപകരണ വാടക | | 504 |
| 4 | പഞ്ചായത്ത് ഉപകരണങ്ങളുടെ വാടക | | 750 |
| | ആകെ | | 64,458 |

തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 64,458 രൂപ ചെലവഴിച്ച് നിറച്ച ഗ്രോബാഗുകൾ ആർക്കൊക്കെ വിതരണം ചെയ്തു എന്നതു സംബന്ധിച്ചോ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതു സംബന്ധിച്ചോ യാതൊരു രേഖയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമസഭാ, പഞ്ചായത്ത് മിനുട്സുകൾ പരിശോധിച്ചതിൽ ഇങ്ങനെയൊരു പ്രോജക്റ്റിനു വേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു

## 3-5 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. 134/16 എസ്.എസ്.എ വിഹിതം നൽകൽ

ബിൽ നം. 1/15-16. 9,00,000 രൂപ 26.12.15

നിർവഹണം. ഹെഡ്മാസ്റ്റർ

മേൽ പ്രോജക്ട് പ്രകാരം നിർവഹണോദ്യോഗസ്ഥ 9,00,000 രൂപ (ഡി.ഡി. 619538/29.12.15 എസ്.ബി.ടി, താമരശ്ശേരി) എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകി. എന്നാൽ വിനിയോഗ

സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെക്കുന്നു

## 3-6 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് നം. : 7/15-16

അടങ്കൽ : 100000

ചിലവ് : 36096

ബിൽ നം. : 15/15-16/31.10.15

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സെക്രട്ടറി നൽകിയ പത്രപ്പരസ്യങ്ങൾക്കുള്ള ചാർജ്ജ് ഇനത്തിൽ 36096 രൂപ മാതൃഭൂമി, ചന്ദ്രിക എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 4.1.11ലെ ജി ഒ ( ആർ ടി) 1/2011 പി & എ.ആർ.ഡി പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ പത്രങ്ങൾക്ക് പരസ്യം പി & എ.ആർ.ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നല്കിയാലും 15 % ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.പഞ്ചായത്തിന് ഇതുപ്രകാരം ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. ഡിസ്കൗണ്ട് ലഭ്യമാക്കാനുള്ള നടപടിസ്വീകരിക്കേണ്ടതാണ്.

## 3-7 അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ അപാകതകൾ

2015-16 വർഷം പഞ്ചായത്തിൽ 17 റോഡ് കോൺക്രീറ്റ് പ്രവർത്തികൾ നടത്തിയിട്ടുണ്ട്.16.10 2012ലെ ചീഫ് എഞ്ചിനീയറുടെ ഡി.ബി.4-7462/2012/സി.ഇ.തസ്വ.ഭ.വ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലും റോഡ് പ്രവൃത്തികൾ ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പിലേതുപോലെ ഐആർസി സ്പെസിഫിക്കേഷൻ പ്രകാരമാണ്. ഐആർസി സ്പെഷ്യൽപബ്ളിക്കേഷൻ 20-2002 ടേബിൾ 4.9പ്രകാരം റോഡ് നിർമ്മാണത്തിനുള്ള കോഴ്സ് അഗ്രഗേറ്റിന്റെ വലിപ്പം 90 മി.മീ ആണ്. ഐആർസി സ്പെപസിഫിക്കേഷന് വിരുദ്ധമായിട്ടുള്ള പ്രവൃത്തികളിലെ ന്യൂനതകൾഗുരുതരമായി കണക്കാക്കപ്പെടുമെന്നും മേൽക്കത്തിൽ പ്രതിപാദിക്കുന്നു.

റോഡിൽ വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ മണ്ണിന്റെ ഘടനയ്ക്കനുസരിച്ച് സബ് ഗ്രേഡ് ബലപ്പെടുത്തേണ്ടതാണ്.വെള്ളം ഒഴുകിപ്പോകുന്നതിന് ഡ്രെയിനേജ് നിർമ്മിയ്ക്കേണ്ടതുണ്ട്. സബ് ഗ്രേഡ് സോയിലിന്റെ ബേയറിംഗ് കപ്പാസിറ്റി കുറവാണെങ്കിൽ ആയത് സ്റ്റെങ്ങ്തൺ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും,ക്ലേസോയിൽ ആണെങ്കിൽ ക്ലേ നീക്കം ചെയ്ത് ഗ്രാന്യൂലാർ സോയിൽ നിറയ്ക്കേണ്ടതും സോയിൽ സ്റ്റെബിലൈസേഷൻ/സ്റ്റെങ്ങ്തണിങ്ങിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ജി.എസ്.ബിയാണ് ഉപയോഗിക്കുന്നതെങ്കിൽ ക്ളോസ്സ് ഡ്രെയിനേജിനുള്ള സൗകര്യംകൂടി ലഭിയ്ക്കുന്നതോടൊപ്പം കോംപാക്റ്റും കൺസോളിഡേറ്റഡുമായ ഒരു ബേസ് ലഭിയ്ക്കുന്നതാണ്. എന്നാൽ ഗതാഗതത്തിന്റെ ആധിക്യം ഉള്ളതോ, ഭാരം കയറ്റിയ വാഹനങ്ങൾ കടന്നു പോകുന്നതോ അല്ലാത്ത റോഡുകളിൽ, ഈപ്രവർത്തികൾ ചെയ്യാതെ കല്ല് നിരത്തി കോൺക്രീറ്റിംഗ് ചെയ്യുന്ന പ്രവർത്തികളാണ് കാണുന്നത്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഓഡിറ്റ് വർഷം നടപ്പിലാക്കിയ സോളിംഗ് പ്രവർത്തികളിൽ ഒന്നോ, രണ്ടോ എണ്ണം മാത്രമെ 16-17 വർഷം ടാറിംഗിനുൾപ്പെടുത്തിയിട്ടുള്ളൂ എന്നതു കൊണ്ട് മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക പാഴായിപ്പോകുന്ന അവസ്ഥയാണുള്ളത്.

## 3-8 അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികളിലെ അപാകതകൾ

2015-16 വർഷം ഗുണഭോക്തൃ സമിതികൾ മുഖേന നടത്തിയ വിവിധ റോഡുപ്രവർത്തികൾക്ക് ടാറുപയോഗിച്ചിട്ടുണ്ട്.രേഖകൾ പ്രകാരം ഗുണഭോക്തൃ സമിതി വിവിധ കരാറുകാരിൽ നിന്നും ടാർ വാങ്ങിയതായി വൗച്ചറുകൾ ആണ് ഹാജരാക്കിയിട്ടുള്ളത്. 12.1.2011 ലെ ജി.ഒ.(ആർ.ടി.)115/2011തസ്വഭവ പ്രകാരം പത്തു ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള ഒരു റോഡുപ്രവർത്തികൾക്ക് ഗുണഭോക്തൃസമിതി ടാർ നേരിട്ട് വാങ്ങി ഉപയോഗിക്കുകയാണെങ്കിൽ ടെണ്ടർപരസ്യത്തിൽ ഇക്കാര്യം വ്യക്തമാക്കുകയും, കരാറിൽ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രം ഈ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഒറിജിനൽ ബില്ല് പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ടാർ ലഭ്യമാക്കിയിട്ടുണ്ടെന്നും അത്പൂർണ്ണമായി പ്രവർത്തിയ്ക്കുപയോഗിച്ചിട്ടുണ്ടെന്നും ഉള്ള എഞ്ചിനീയറുടെ സാക്ഷ്യപത്രം നിർബന്ധമാണ്. അതു പോലെ ഒറിജനൽ ബിൽ പ്രോജക്ട് രേഖയോടൊപ്പം നിർബന്ധമായി സൂക്ഷിയ്ക്കുകയും വേണം എന്ന് നിർദ്ദേശിയ്ക്കുന്നുണ്ട്. എന്നാൽ ടാറുപയോഗിച്ച നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ മേൽ വ്യവസ്ഥകൾ പാലിച്ചു കാണുന്നില്ല. ടാറുപയോഗിച്ചു നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവ്തുക/ ബിൽ നം | ഉപയോഗിച്ച ടാറിന്റെ അളവ്. |
|---|---|---|---|
| 1 | ട്രാൻസ്ഫോർമർ-മാവുള്ളപൊയിൽ ഗണപതിറോഡ്.പ്രോജക്ട്നം.എസ്0146/16<br>അടങ്കൽ-100000/-<br>എംബുക്ക്നം.62/15-16 | 99564/-<br>71/15-16 /29.3.2016 | 47.88കിഗ്രാം. |
| 2. | ചമൽ- പൂവൻ മല റോഡ് റീ ടാറിംഗ്. പ്രോജക്ട്നം-50/16 അടങ്കൽ-400000/-എം ബുക്ക് നം.163/15-16 | 99255 /-ബിൽ നം.108/15-16 /31.3.2016<br>300000/-107 /15-16/31.3.16 | 3263.41 കി.ഗ്രാം. |
| 3. | മേനോൻ പാറ റോഡ് ടാറിംഗ്.പ്രോജക്ട്നം 241/16 അടങ്കൽ-78144 /- | 78144/ ബിൽ നം.94/15-16 /31.3.2016 | 285.30 കി.ഗ്രാം |
| 4 | വടക്കേപ്പുറം-മുണ്ടപ്പുറം റോഡ് റീടാറിംഗ് പ്രോജക്ട്നം.-എസ്0244/16<br>അടങ്കൽ-250000/-<br>എം.ബുക്ക് നം.-244/16 | 2 ,49,727/- ബിൽ നം.82/15-16 /31.3.2016 | 1710.27/കിഗ്രാം. |

| | | | |
|---|---|---|---|
| 5 | തോട്ടം കോളിക്കൽ റോഡ് ടാറിംഗ്<br>പ്രോജക്ട്നം.-67/16<br>അടങ്കൽ-300000/-<br>എം.ബുക്ക്നം-204/15-16 | 300000/- ബിൽ നം-84/15-16 /31.3.2016 | 1483.56കി.ഗ്രാം. |
| 6 | പെരിങ്ങോട്ട് നോർത്ത്-പെരിങ്ങോട്ട് റോഡ് ടാറിംഗ്.<br>പ്രോജക്ട്നം61/16<br>അടങ്കൽ-200000/-<br>എംബുക്ക്നം.234/15-16 | 200000/-ബിൽനം-97/15-16 /31.3.2016 | 1098.186കിഗ്രാം<br>എംബുക്ക്നം.പ്രകാരം 1092കി.ഗ്രാം വരവും,1098 കി.ഗ്രാം. ചെലവും33.22കി.ഗ്രാംബാക്കി കൺവീനറുടെപക്കലുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 7 | അമ്പോക്ക് റോഡ് ടാറിംഗ്. പ്രോജക്ട്നം.24/16<br>അടങ്കൽ-1,50,000/-<br>എം.ബുക്ക് നം.184/15-16 | 75,000/-ബിൽ നം.95/15-16 /31.3.2016<br>75000/-ബിൽനം.99 /15-16/31.3.16 | 713.25 കി.ഗ്രാം |
| 8 | വി.ഒ.ടി.ജിഎൽ പി സ്കൂൾ റോഡ് റീ ടാറിംഗ്<br>പ്രോജക്ട്നം.60/16<br>അടങ്കൽ-40000/-<br>എം.ബുക്ക് നം.198/15-16 | 39929/-ബിൽ നം.109/15-16 /31.3.16 | 325.84കി.ഗ്രാം. |
| 9. | പൂലോട് പീടിക കുന്നു റോഡ്<br>പ്രോജക്ട്നം.99/16<br>അടങ്കൽ-80000<br>എം.ബുക്ക് നം.326/13-14 | 68531/-ബിൽ നം.62/15-16 /29.2.16 | 554.81.കിഗ്രാം |
| 10 | പീടികകുന്ന് താഴെ റോഡ്<br>പ്രോജക്ട്നം.100/16<br>അടങ്കൽ-200000/- | 195777/- ബിൽ നം.32/15-16 /30.1.16 | 79.20.കി.ഗ്രാം. |

| | | | |
|---|---|---|---|
| | എം.ബുക്ക് നം.308/15-16 | | |
| 11. | നല്ലടം-കടുവാക്കുന്ന് റോഡ് റീടാറിംഗ്.<br>പ്രോജക്ട്ന.63/16<br>എം.ബുക്ക്.നം-224/15-16 | 199,945/-ബിൽ നം.111/15-16 /31.3.16 | 1598.48 കി.ഗ്രാം. |
| 12 | മാരാർജി നഗർ പെരുന്തോടി ഹരിജൻ കോളനി റോഡ് റീടാറിംഗ്.<br>അടങ്കൽ-150000/-<br>എം ബുക്ക്നം.-205/15-16 | 149650/-.ബിൽ ന-74/15-16 /30.3.16 | 1317.98.കി.ഗ്രാം |
| 13. | കരിഞ്ചോല തോട്ടം റോഡ്. പ്രോജക്ട്ന.-58/15-16<br>അടങ്കൽ-300000/-<br>എംബുക്ക്നം-222/15-16 | ചെലവ്-298614/- ബിൽ നം-119/15-16/31.3.16 | 1580.86 കി.ഗ്രാം |
| 14. | വയലും തല റോഡ്<br>പ്രോജക്ട്നം. 21/16<br>അടങ്കൽ-200000/-<br>എം.ബുക്ക് നം.173/15-16 | ചെലവ്- 180017/- ബിൽ നം.73/15-16 /30.5.16 | 1148.38.കി.ഗ്രാം. |
| 15 | അമ്പായത്തോട് സ്കൂൾ റോഡ്.<br>പ്രോജക്ട് നം-എസ് 0074/16<br>അടങ്കൽ-200000/-<br>എം.ബുക്ക് നം-210/15-16 | ചെലവ്-199704/- ബിൽ നം.-96/15-16 /31.3.16 | 1713.98 കി.ഗ്രാം. |
| 16 | ചമൽ അംബേദ്ക്കർ എട്ടേക്കർ റോഡ്. പ്രോജക്ട്നം- 069/16<br>അടങ്കൽ-200000/-<br>എം.ബുക്ക് നം-227/15-16 | ചെലവ്-199730/-<br>ബിൽ നം.-112/15-16 | 1718.49.കി.ഗ്രാം |

| | | | |
|---|---|---|---|
| 17 | പൂവത്തങ്കൽ-നടുക്കുന്ന് റോഡ്.<br>പ്രോജക്ട്ന-57/15-16<br>അടങ്കൽ-75000/-<br>എം.ബുക്ക്നം-297/13-14 | ചെലവ്-16763-<br>ബിൽ നം.50/15-16 /30.1.16.<br>30248/- ബിൽ നം.-54/15-16 /29.2.16 | 247.26 കി.ഗ്രാം. |
| 18. | കോളിക്കൽ- കയ്യൊടിയാം പാറ ഇരുർ കുന്ന് റോഡ് പ്രോജക്ട നം.-79/15-16<br>അടങ്കൽ- 310000/-<br>എം.ബുക്ക് നം.-238/16 | ചെലവ്-250000/- ബിൽ നം.-78/15-16 /31.3.16.<br>60000/- ബിൽ നം. -81/15-16/31.3.16 | 2428.87 കി.ഗ്രാം. |
| 19 | പരപ്പൻ പാറ ഗുരു മന്ദിരം റോഡ്.<br>പ്രോജക്ട് നം-എസ്0075/16<br>അടങ്കൽ-150000/-<br>എംബുക്ക്നം.189/15-16 | 50000/-ബിൽ നം.79/15-16 /31.3.16<br>100000/-ബിൽ.നം -80/15-16/31.3.16 | 628.71കി.ഗ്രാം. |
| 20 | പൂലോട് പള്ളിപ്പടി റോഡ്.<br>പ്രോജക്ട്ന-218/16<br>അടങ്കൽ-270000/-<br>എം.ബുക്ക്.നം.-172/15-16 | ചെലവ്-251115/-<br>ബിൽ നം. -72/15-16/29.3.16 | 2238.675. കിഗ്രാം |
| 21 | മേലേ പയോണ റോഡ് ടാറിംഗ്<br>പ്രോജക്ട്ന-എസ്0076/16<br>അടങ്കൽ-100000/- | ചെലവ്-100000/-<br>ബിൽ നം-75/15-16 | 540.48.കി.ഗ്രാം. |

ഇതു സംബന്ധിച്ച് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ലുകളുടെ അഭാവത്തിൽ ടാറിംഗ് പ്രവൃത്തികൾക്കായി നല്കിയ തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽവരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | 3309108/31.12.09 | | 6753250 | 3487390 | | 3265860 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച7280രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-2 | 3640 | കെഎൻബാലകൃഷ്ണൻ | 151/13.8.15(treasury |
| “ | “ | 3640 | ടിപി.മുഹമ്മദ്ഷാഹിം ഹാജി | “ |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50317732 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66084836 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,88,888 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|
| 3-2 | 24430 | ശ്രീമതി.ഇന്ദിര.കെ, ഹെഡ്മിസ്ട്രസ് |
| 3-4 | 64458 | ശ്രീ.കെ.ടി. മനോജ് കുമാർ, അസി. സെക്രട്ടറി |
| 3-5 | 900000 | ശ്രീമതി. ഇന്ദിര.കെ, ഹെഡ്മിസ്ട്രസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 2005-06 | എൽഎഫ്കെഡി.എസ്.1/14 /08/27.3.2008 | 5 | |
| 2006-07 | എൽഎഫ്കെഡി.എസ്2/629 /09/16.9.09 | 18 | |
| 2007-08 | എൽഎഫ്കെഡി.പി.1/1272 /12/19.9.12 | 31 | |
| 2008-09 | എൽഎഫ്കെഡി.പി.1/1342 /12/13.9.12 | 19 | |
| 2009-10 | എൽഎഫ്കെഡി.പി.5/436 /13/24.9.13 | 4 | |
| 2010-11 | എൽഎഫ്കെഡി.പി.1/336 /13/15.4.13 | 21 | |
| 2011-12,12-13 | എൽഎഫ്കെഡി.പി.1/50 /14/5.2.14 | | |
| 2013-14,2014-15 | എൽഎഫ്കെഡി.പി.1/231 /16/2.2.16 | 13 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**1**

<u>അനുബന്ധം</u>

കെ.എസ്.എ.കെ.കെ.ഡി/പി 1/ 2063/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-18.11.2016

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 1/ 2063/2016

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated 18-11-2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kattippara Grama Panchayat for the year ended on 31-3-2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kattippara Grama Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.